**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 747** **26-07-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര പുനരുജ്ജീവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി മൂലം വിനോദസഞ്ചാര മേഖല അഭിമുഖീകരിക്കുന്ന ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കോവിഡ് മഹാമാരി മൂലം വിനോദസഞ്ചാര മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ലോക് ഡൗൺ മൂലം വിനോദസഞ്ചാര മേഖലയിൽ പ്രത്യക്ഷമായോ പരോക്ഷമായോ ജോലി ചെയ്യുന്നവർക്ക് ഉപജീവനമാർഗ്ഗം ഇല്ലാതായിരിക്കുന്ന സാഹചര്യത്തിൽ, സാമ്പത്തിക സഹായമോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ലോക്ക് ഡൗൺ മൂലം വിനോദ സഞ്ചാര മേഖലയിൽ ഉണ്ടായ പ്രതിസന്ധിയുടെ സാഹചര്യത്തിൽ സാമ്പത്തിക സഹായങ്ങളും ആനുകൂല്യങ്ങളും സർക്കാർ പാക്കേജുകൾ വഴി നടപ്പിലാക്കി വരുന്നുണ്ട്. കോവിഡ്-19മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനു വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കി വരുന്നു. ഇതു കൂടാതെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |
| (സി) | വയനാട് ജില്ലയിലെ കോവിഡാനന്തര ടൂറിസം സാധ്യതകൾ അവലോകനം ചെയ്ത് ഈ മേഖലയുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുന്നതിനായി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കരിക്കാനും പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | വയനാട് ജില്ലയിലെ കോവിഡാനന്തര ടൂറിസം സാധ്യതകൾ അവലോകനം ചെയ്യുന്നതിനായി 02-07-2021 -ന് പൊതുമരാമത്ത് - ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് ഒരു യോഗം ചേരുകയും യോഗത്തിൽ വയനാടിനായി ഒരു ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടൂർ ഓപ്പറേറ്റേഴ്സ്, സൈക്കിളിംഗ് അസ്സോസിയേഷൻ, മീഡിയ, കലാകാരന്മാർ, വ്ലോഗേഴ്സ്, ബ്ലോഗേഴ്സ്, വിദ്യാർത്ഥികൾ, അഡ്വഞ്ചർ ടൂറിസം ഓപ്പറേറ്റേഴ്സ്, യുവജനങ്ങൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ചുകൊണ്ട് പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ